## പതിനാലാം കേരള നിയമസഭ

**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2233**

**05-02-2018 ൽ മറുപടിക്ക്**

**കിഫ്ബിയിലൂടെയുള്ള പദ്ധതികൾക്ക് ഭരണാനുമതി**

| ചോദ്യം<br>ശ്രീ. കെ.വി.വിജയദാസ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയിലൂടെ പ്രഖ്യാപിച്ചിട്ടുള്ള എല്ലാ പദ്ധതികൾക്കും സമയബന്ധിതമായി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുമോ; | കിഫ്ബി മുഖേന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 08-08-2016 ലെ സ.ഉ (കൈ) നം.315/16/ധന ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് വാർഷിക ബഡ്ജറ്റിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ളതും സർക്കാർ നിർദ്ദേശിക്കുന്നതുമായ പദ്ധതികൾ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട ഭരണവകുപ്പാണ് ഭരണാനുമതി പുറപ്പെടുവിച്ച് പദ്ധതി വിശദാംശങ്ങൾ കിഫ്ബിയിൽ ഓൺ ലൈനായി സമർപ്പിക്കേണ്ടത്. |
| (ബി) നിലവിൽ കിഫ്ബിയിലേക്ക് ഡി.പി.ആർ സമർപ്പിച്ചിട്ടുള്ള പദ്ധതികൾക്ക് സമയബന്ധിതമായി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ? | ഭരണ വകുപ്പ് അനുമതി നൽകിയ ശേഷമാണ് കിഫ്ബി പദ്ധതികളുടെ ഡി.പി.ആർ എസ്.പി.വി തയ്യാറാക്കുന്നത്. കിഫ്ബിയിൽ ലഭ്യമാക്കുന്ന വിശദമായ പദ്ധതി റിപ്പോർട്ടുകൾ (ഡി.പി.ആർ) കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗത്തിന്റെ സൂക്ഷ്മ പരിശോധനക്കു വിധേയമാക്കുകയും ന്യൂനതകളില്ലാത്ത പക്ഷം തുടർന്നുള്ള കിഫ് ബോർഡ് യോഗങ്ങളിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നതുമാണ്. ന്യൂനതകൾ കണ്ടെത്തുന്ന പക്ഷം ബന്ധപ്പെട്ട പദ്ധതി നിർവഹണ ഏജൻസി/ഭരണ വകുപ്പ് അവ പരിഹരിച്ച് കിഫ്ബോർഡിന്റെ അംഗീകാരത്തിനായി വീണ്ടും കിഫ്ബിയിൽ സമർപ്പിക്കേണ്ടതാണ്. ഈ പ്രക്രിയകൾ നിലവിൽ കാലതാമസം കൂടാതെ കിഫ്ബിയിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ